REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 22-09-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ഇൻഡൊ- പസഫിക് മേഖല സ്വതന്ത്രവും സുതാര്യവും സമൃദ്ധവുമാക്കി മാറ്റാൻ ക്വാഡ് രാഷ്ട്രങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- യുവാക്കൾക്കിടയിൽ പുകയില ഉപയോഗം തടയാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും കേന്ദ്രം മാർഗനിർദേശങ്ങൾ തയ്യാറാക്കി.
- കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലും സൗരോർജ്ജ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നു.
- ഇന്നലെ അന്തരിച്ച മുതിർന്ന CPIM നേതാവ് M M ലോറൻസിന്റെ മൃതദേഹം നാളെ കൊച്ചിയിൽ പൊതുദർശനത്തിനു വെയ്ക്കും.
- ഇന്ത്യാ -ബംഗ്ലാദേശ് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ വിജയത്തിനടുത്ത്.

## വാർത്തകൾ വിശദമായി

**ഇൻഡൊ- പസഫിക് മേഖല സ്വതന്ത്രവും സുതാര്യവും സമൃദ്ധവുമാക്കി മാറ്റാൻ ക്വാഡ് രാഷ്ട്രങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അമേരിക്കയിലെ ഡെലവയറിൽ ക്വാഡ് നേതൃ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)....**

ലോകം സംഘർഷങ്ങളും പിരിമുറുക്കങ്ങളും കൊണ്ട് നിറഞ്ഞ സമയത്താണ് ക്വാഡ് ഉച്ചകോടി നടക്കുന്നതെന്ന് നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊണ്ട് ക്വാഡ് രാഷ്ട്രങ്ങൾ ഒന്നിച്ചു പ്രവർത്തിക്കേണ്ടത് മനുഷ്യരാശിയുടെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്രക്രമങ്ങളെയും, പരമാധികാരത്തെയും, അഖണ്ഠതയെയും മാനിക്കുന്ന ആർക്കും എതിരായല്ല ക്വാഡിന്റെ പ്രവർത്തനമെന്നും, എല്ലാ പ്രശ്നങ്ങൾക്കും സമാധാനപരമായ പരിഹാരമാണ് സഖ്യം പിന്തുണയ്ക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ആരോഗ്യം, സുരക്ഷ, സാങ്കേതികവിദ്യ, കാലാവസ്ഥാ വ്യതിയാനം, ശേഷിവികസനം തുടങ്ങിയ മേഖലകളിൽ ക്വാഡ് രാഷ്ട്രങ്ങൾ ഒറ്റക്കെട്ടായി ഏറെ ഗുണകരമായ നടപടികളെടുത്തിട്ടുണ്ടെന്ന് നരേന്ദ്രമോദി പറഞ്ഞു. അടുത്ത ക്വാഡ് ഉച്ചകോടി ഇന്ത്യയിൽ നടത്താനെടുത്ത തീരുമാനത്തിൽ അദ്ദേഹം സന്തുഷ്ടി അറിയിച്ചു.

ക്വാഡ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനു മുൻപ് അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡനുമായി അദ്ദേഹത്തിന്റെ ജന്മദേശമായ ഡെലവയറിൽ പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി. കൂടിക്കാഴ്ച ഒരു മണിക്കൂറോളം നീണ്ടു. ചർച്ച അങ്ങേയറ്റം ഫലപ്രദമായിരുന്നുവെന്ന് പ്രധാനമന്ത്രി പിന്നീട് സാമൂഹ്യമാധ്യമപോസ്റ്റിൽ കുറിച്ചു,

ഇന്ന് ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. US ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ കമ്പനികളുടെ CEO മാരുമായി നരേന്ദ്രമോദി സംവദിക്കുകയും ചെയ്യും. നാളെ ന്യൂയോർക്കിൽ ഐക്യരാഷ്ട്ര പൊതുസഭയിൽ 'ഭാവിയുടെ ഉച്ചകോടിയെ' നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

✪✪✪

യുവാക്കൾക്കിടയിലെ പുകയില ഉപയോഗം തടയാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും കേന്ദ്രം മാർഗനിർദേശങ്ങൾ തയ്യാറാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുകയിലമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ മാർഗനിർദ്ദേശങ്ങളും മാന്വലും സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് കൈമാറി. കേന്ദ്ര വിദ്യാഭ്യാസ - ആരോഗ്യ മന്ത്രാലയങ്ങൾ സംയുക്തമായാണ് മാർഗ നിർദേശങ്ങൾ തയ്യാറാക്കിയത്.

✪✪✪

2027-ഓടെ ലോകത്തെ മൂന്നാമത് വൻ സമ്പദ്‌വ്യവസ്ഥയായി മാറുന്ന പാതയിലാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ലാവോസിൽ 12-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കിഴക്കൻ ഏഷ്യ ഉച്ചകോടി ഫോറം ശക്തിപ്പെടുത്തുന്നതിന് രാജ്യത്തിന്റെ പ്രതിബദ്ധത ആവർത്തിച്ച ഗോയൽ,

സമാധാനം, സ്ഥിരത, സാമ്പത്തിക അഭിവൃദ്ധി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും വ്യക്തമാക്കി.

✪✪✪

കോഴിക്കോട് ചേവായൂരിലെ CRC സെന്റർ കേന്ദ്ര സാമൂഹിക നീതി സഹമന്ത്രി B.L വർമ്മ ഉച്ചക്ക് ശേഷം സന്ദർശിക്കും. ദിവ്യാംഗർ, അവരുടെ മാതാപിതാക്കൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ, തുടങ്ങിയവരുമായി സഹമന്ത്രി സംവദിക്കും. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളുടെ വിതരണവും ഇതോടൊപ്പം നടത്തും .

CRC യിൽ ആരംഭിക്കുന്ന ഡിപ്ലോമ കോഴ്സുകളും, സൗജന്യ പരിശീലനവും ഓഡിയോളജി ലാബും അദ്ദേഹം ഉദ്ഘാടനം ചെയ്യും. 'സ്വച്ഛത ഹി സേവാ' പദ്ധതിയിൽ 'ഏക് പേട് മാം കെ നാം' പരിപാടിയിലും BL വർമ്മ പങ്കെടുക്കും.

✪✪✪

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ബോംബെ ഹൈക്കോടതിയില സീനിയർ ജഡ്ജി നിതിൻ മധുകർ ജാംദാറിനെ നിയമിച്ച് കേന്ദ്രം ഉത്തരവിറക്കി. 2023 മെയ് മുതൽ ബോംബെ ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായി പ്രവർത്തിച്ചുവരികയാണ് ജസ്റ്റിസ് ജാംദാർ.

✪✪✪

സംസ്ഥാനത്ത് നിപ പരിശോധനയിൽ ഇന്നലെ ആറു പേരുടെ ഫലം കൂടി നെഗറ്റീവായതായി മന്ത്രി വീണാജോർജ് അറിയിച്ചു. ഇതുവരെ 74 പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്. ഇന്നലെ സമ്പർക്കപ്പട്ടികയിൽ പുതുതായി ആരും ഉൾപ്പെട്ടിട്ടില്ല. 267 പേരാണ് ഇതുവരെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. രോഗലക്ഷണങ്ങളുമായി ഇന്നലെ രണ്ടു പേരെ മഞ്ചേരി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. ഇവരടക്കം നാലു പേർ മഞ്ചേരി മെഡിക്കൽ കോളജിലും, 28 പേരും പെരിന്തൽമണ്ണ MES മെഡിക്കൽ കോളജിലും ചികിത്സയിലാണ്.

✪✪✪

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനം പൂർത്തീകരിച്ച 295 ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരുടെയും, 20 ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ഡ്രൈവർമാരുടെയും സംയുക്ത പാസിംഗ് ഔട്ട് പരേഡ് വൈകിട്ട് തൃശൂരിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ സല്യൂട്ട് സ്വീകരിക്കും. വിയ്യൂരിലെ കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമി പരേഡ് ഗ്രൗണ്ടിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

കോട്ടയം ജില്ലയിലെ എരുമേലി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ I.P ബ്ലോക്ക് ഇന്ന് മന്ത്രി വീണ ജോർജ്  നാടിന് സമർപ്പിക്കും.  24 മണിക്കൂർ OP  സേവനം, നവീകരിച്ച OP  ഫാർമസി, ആധുനിക കണ്ണ് പരിശോധനാ ഉപകരണങ്ങളുടെ പ്രവർത്തനം എന്നിവയും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ രാജ്യാന്തര  വിമാനത്താവളത്തിലും സൗരോർജ്ജ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നു. വിമാനത്താവളത്തിലെ വൈദ്യുതി ഉപയോഗ ചെലവ് കുറയ്ക്കാൻ സിയാൽ മാതൃക ഉൾക്കൊണ്ടാണ് കണ്ണൂരിൽ  പ്ലാൻറ് നിർമ്മിക്കുന്നത്.

വിശദാംശങ്ങളുമായി  കണ്ണൂർ  പ്രതിനിധി K.O. ശശിധരൻ.

..............(വോയ്സ്)...................

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന  CPIM നേതാവ് M M ലോറൻസിന്റെ മൃതദേഹം നാളെ  രാവിലെ എട്ട് മുതൽ കൊച്ചി ഗാന്ധി നഗറിലെ വീട്ടിലും,  പിന്നീട് എട്ടരയോടെ  ലെനിൻ സെന്ററിലും,  തുടർന്ന് എറണാകുളം ടൗൺ ഹാളിലും പൊതു ദർശനത്തിനു വെയ്ക്കും.  അതിനുശേഷം  മൃതദേഹം വൈദ്യ ശാസ്ത്ര പഠനത്തിനായി എറണാകുളം മെഡിക്കൽ കോളജിന് കൈമാറും.

✪✪✪

ഓരോരുത്തരും മതത്തിന്റെയും ജാതിയുടെയും വക്താക്കളാവുകയും, പിന്നീട് അതിന്റെ  അംബാസിഡർമ്മാരാകുകയും ചെയ്യുന്ന സാഹചര്യമാണ് ഇപ്പോഴത്തേതെന്ന്  മന്ത്രി P പ്രസാദ് അഭിപ്രായപ്പെട്ടു. ചേർത്തല ശ്രീനാരായണ മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിൽ ശ്രീനാരായണഗുരു മഹാസമാധി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി .

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ വാർത്താസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ ഗൗരവതരമാണെങ്കിൽ PV അൻവറിനെതിരെ നടപടിയെടുക്കണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയും, ADGP യും, ഭരണകക്ഷി MLA യും ആരോപണവിധേയരായിരിക്കുന്ന സാഹചര്യത്തിൽ സമഗ്രാന്വേഷണം ആവശ്യമാണന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ കുറിപ്പിൽ പറഞ്ഞു.

ദേശസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങളിൽ ഭരണം നിയന്ത്രിക്കുന്ന പ്രമുഖർക്ക് പങ്കുണ്ടെന്ന ആരോപണം ഞെട്ടിക്കുന്നതാണെന്നും, അൻവറിന്റെ ആരോപണം തെറ്റാണെന്ന് പറഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തിനെതിരെ ഗവൺമെന്റ് നടപടിയെടുക്കുകയാണ് വേണ്ടതെന്നും സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

✪✪✪

ഭരണപക്ഷ MLA ഗുരുതര ആരോപണങ്ങളുന്നയിച്ചിട്ടും ADGP യ്ക്കെതിരെ നടപടിയെടുക്കുന്നില്ലെങ്കിൽ, മുഖ്യമന്ത്രി MLA യ്ക്കെതിരെ കേസെടുക്കട്ടെയെന്ന് മുൻകേന്ദ്രസഹമന്ത്രി V മുരളീധരൻ പറഞ്ഞു. ADGP യ്ക്കെതിരെ തെളിവില്ലെങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെ ആരോപണമുന്നയിച്ച MLA യ്ക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് മുരളീധരൻ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

✪✪✪

BJP യും CPIM ഉം മത്സരബുദ്ധിയോടെ വർഗീയ കാർഡ് ഇറക്കി ജന മനസ്സുകളിൽ ചേരിതിരിവുകൾ സൃഷ്ടിക്കാനും, രാഷ്ട്രീയ നേട്ടമുണ്ടാക്കാനും ശ്രമിക്കുകയാണെന്ന് മുസ്ലിം ലീഗ് ദേശീയ ജന സെക്രട്ടറി P.Kകുഞ്ഞാലിക്കുട്ടി കുറ്റപ്പെടുത്തി. മലപ്പുറം ജില്ലാ മുസ്ലിംലീഗ് വാർഷിക കൗൺസിൽ മീറ്റ് കോട്ടക്കലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

✪✪✪

ഇന്ത്യാ -ബംഗ്ലാദേശ് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ വിജയത്തിനടുത്ത്. ഇന്ന് ബംഗ്ലാദേശിന്റെ ആറ് വിക്കറ്റ് കൂടി വീഴ്ത്തിയാൽ ഇന്ത്യക്ക് ജയം സ്വന്തമാക്കാം. മൂന്നാം ദിവസമായ ഇന്നലെ വെളിച്ചക്കുറവ് മൂലം നേരത്തെ കളി അവസാനിപ്പിക്കുമ്പോൾ ബംഗ്ലാദേശ് രണ്ടാം ഇന്നിംഗ്സിൽ, നാല് വിക്കറ്റിന് 158 റൺസെടുത്തിട്ടുണ്ട്. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലെ മത്സരത്തിൽ ഇന്ത്യയ്ക്കായി R അശ്വിൻ മൂന്നും, ജസ്പ്രീത് ബുംറ ഒരു വിക്കറ്റുമെടുത്തു.

✪✪✪

ISL ഫുട്ബോളിൽ ഇന്നലെ ജംഷഡ്പൂർ FC മുംബൈ സിറ്റി FC യെ പരാജയപ്പെടുത്തി. ജംഷദ്പൂരിൽ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ജംഷദ്പൂരിന്റെ ജയം.

കൊൽക്കത്തയിൽ മറ്റൊരു മത്സരത്തിൽ FC ഗോവ മൊഹമ്മദൻസ് SC മത്സരം ഇരു ടീമുകളും ഒരു ഗോൾ നേടി സമനിലയിൽ പിരിഞ്ഞു.

ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊച്ചിയിലാണ് മത്സരം.

✪✪✪

**തിരുവനന്തപുരത്ത് സൂപ്പർ ലീഗ് ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ് തിരുവനന്തപുരം കൊമ്പൻസ് മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും ഓരോ ഗോൾ നേടി.**

✪✪✪

**ഓണം- കന്നിമാസ പൂജകൾ പൂർത്തിയാക്കി ശബരിമലയിൽ നടയടച്ചു. തുലാം മാസ പൂജകൾക്കായി അടുത്തമാസം 16 ന് നട തുറക്കും. ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ ഒരു വർഷത്തെ പുറപ്പെടാ ശാന്തിമാരെ തിരഞ്ഞെടുക്കാൻ ഈ മാസം 25, 26 തീയതികളിൽ ദേവസ്വം ബോർഡ് ആസ്ഥാനത്ത് അഭിമുഖം നടത്തും. തെരഞ്ഞെടുക്കുന്നവരുടെ പട്ടിക ദേവസ്വം ഹൈക്കോടതിക്ക് കൈമാറും. തുടർന്ന് തുലാം ഒന്നിന് സന്നിധാനത്ത് നറുക്കെടുപ്പിലൂടെയയിരിക്കും മേൽശാന്തിമാരുടെ തിരഞ്ഞെടുപ്പ്.**

✪✪✪

**ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ C കോഴിക്കോട്ടെ അർജുനടക്കം മൂന്ന് പേർക്കായി ഗംഗാവലി പുഴയിൽ ഡ്രഡ്ജർ ഉപയോഗിച്ച് മണ്ണ് നീക്കി തെരച്ചിൽ ഇന്നും തുടരും. ഇന്നലെ മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപെയുടെ നേതൃത്വത്തിൽ പുഴയിൽ നടത്തിയ പരിശോധനയിൽ ചില വാഹനഭാഗങ്ങൾ ലഭിച്ചിരുന്നു.**

✪✪✪